## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.82 — 06.01.2014 ൽ മറുപടിയ്ക്ക്

## കസ്തൂരിരംഗൻ സമിതി റിപ്പോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ട സംരക്ഷണത്തിന് ഡോ.കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിലെ ശുപാർശകൾ മാനദണ്ഡമാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് ഓഫീസ് മെമ്മോറാണ്ടവും 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റ വകുപ്പ് 5 പ്രകാരമുള്ള നിർദ്ദേശങ്ങളുമാണ് (directions) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) വിജ്ഞാപനത്തിന് തീരുമാനം എടുക്കുന്നതിനു മുമ്പ് സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടായിരുന്നോ എന്നും അത് പരിഗണിക്കപ്പെടുകയുണ്ടായോ എന്നും അറിയിക്കുമോ; | (ബി) | അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം തേടുന്നതാണെന്ന് 20.12.2013 ലെ ഓഫീസ് മെമ്മോറാ ണ്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) സംസ്ഥാനാവശ്യങ്ങൾ കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നിലനില്ക്കുന്നുണ്ടോ; പ്രസ്തുത വിജ്ഞാപനത്തിനു ശേഷം ഒടുവിൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ജനങ്ങളുടെ ആശങ്കക്കടിസ്ഥാനമായ മുഖ്യ കാരണങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിരുന്നോ; കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ പരിസ്ഥിതി മന്ത്രാലയം നടത്തിയ കണ്ണിൽ പൊടിയിടലാണിതെന്ന വിമർശനം സർക്കാർ ഉൾക്കൊള്ളുമോ; | (സി) | ഉണ്ട്. 20.12.2013 ലെ ഓഫീസ് മെമ്മോറാണ്ടവും പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വകുപ്പ് 5 പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങളും പ്രാബല്യത്തിലാണ്. റിപ്പോർട്ട് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന കരട് വിജ്ഞാപനത്തിന്മേൽ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായം തേടുന്നതാണെന്നും ആയത് ലഭിച്ച് പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിരുകൾ സംസ്ഥാന സർക്കാർ ശുപാർശകൾ കൂടി പരിഗണിച്ച്, കൃത്യമായി നിർണ്ണയിച്ച ശേഷം മാത്രമേ അവസാന വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ എന്നും ഓഫീസ് മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിരുകൾ നിർണ്ണയിക്കുന്നതിൽ നേരിട്ട് സ്ഥലപരിശോധന നടത്തി ആവശ്യമായ ഭേദഗതികൾ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശിക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ഭയാശങ്കകൾ |

സംസ്ഥാന സർക്കാർ വേണ്ടവിധത്തിൽ കേന്ദ്ര സർക്കാരിനെ ധരിപ്പിച്ചതിന്റെ ഫലമായിട്ടാണ് പുതിയ നിലപാട് സ്വീകരിച്ചിരിക്കുന്നത്. അത് വിമർശനവിധേയമാക്കേണ്ടതില്ല.

(ഡി) ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരി രംഗൻ റിപ്പോർട്ടും സംസ്ഥാനത്തെ ജനവാസകേന്ദ്രങ്ങളിൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തുന്നതാണെന്ന വാദവും ജനങ്ങളുടെ ആശങ്കയും ദേശീയ ഹരിത ട്രൈബ്യൂണലിലും കേന്ദ്ര സർക്കാരിലും ശക്തമായി ഉന്നയിക്കാൻ സാധിക്കുകയുണ്ടായോ;

(ഡി) ഗാഡ്ഗിൽ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്ന നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്ന സംസ്ഥാന സർക്കാർ നിലപാട് കണക്കിലെടുത്താണ് കസ്തൂരിരംഗൻ കമ്മിറ്റി നിയോഗിക്കപ്പെട്ടത്. കസ്തൂരിരംഗൻ കമ്മിറ്റി ശുപാർശകൾ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചതോടെ, ഗാഡ്ഗിൽ ശുപാർശകൾ അപ്രസക്തമായി എന്ന സംസ്ഥാന സർക്കാർ വാദഗതി കണക്കിലെടുത്ത് ദേശീയ ഹരിത ട്രൈബ്യൂണൽ, ഇടക്കാല ഉത്തരവ് പുന:പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ ഇക്കാര്യങ്ങൾ ശക്തമായി ഉന്നയിച്ചതിന്റെ ഫലമായിട്ടാണ് പുതിയ ഓഫീസ് മെമ്മോറാണ്ടം ഇറക്കി, ബന്ധപ്പെട്ടവരുമായി പര്യാലോചിച്ച് പരിസ്ഥിതിലോല പ്രദേശ പുനർ നിർണ്ണയത്തിനുള്ള ശുപാർശകൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന് അവസരം കിട്ടിയത്.

(ഇ) കേരളത്തിന്റെ വാദം അംഗീകരിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിനുണ്ടായ കാരണം വെളിപ്പെടുത്താമോ; ഈ പ്രശ്നത്തിൽ സംസ്ഥാന സർക്കാരിന് വീഴ്ച പറ്റിയിട്ടുണ്ടോ; എങ്കിൽ അത് തിരുത്തുന്നതിനും മലയോരങ്ങളിലെ ജനജീവിതത്തെ സംരക്ഷിച്ചും അവരെ വിശ്വാസത്തിലെടുത്തുകൊണ്ടും മാത്രമേ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കുകയുള്ളൂ എന്ന് ഉറപ്പ് നൽകാമോ?

(ഇ) കേരളത്തിന്റെ വാദം അവതരിപ്പിക്കാൻ സാധിച്ചു എന്നു മാത്രമല്ല അംഗീകരിപ്പിക്കാനും സാധിച്ചു. പശ്ചിമഘട്ട സംരക്ഷണ പ്രശ്നത്തിലും, അതു സംബന്ധിച്ച രണ്ട് റിപ്പോർട്ടുകളിലെ ശുപാർശകളുടെ പ്രശ്നത്തിലും സർക്കാരിന് ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല. ജനങ്ങളെ വിശ്വാസത്തിലെടുത്ത് മാത്രമേ ശുപാർശകൾ നടപ്പാക്കുകയുള്ളൂ എന്ന സംസ്ഥാന സർക്കാർ നിലപാട് അംഗീകരിച്ചു തന്നെയാണ്, അക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് പുതിയ ഉത്തരവ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചത്. പരിസ്ഥിതിലോല പ്രദേശ നിർണ്ണയത്തിൽ സംസ്ഥാന സർക്കാരിന് അഭിപ്രായം പ്രകടിപ്പിക്കാനും നിർദ്ദേശം നല്കാനും അവസരവും ലഭിച്ചിരിക്കയാണ്.

സെക്ഷൻ ഓഫീസർ